# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1136 11.06.2019 ൽ മറുപടിക്ക്**

**പ്രളയാനന്തര റോഡുനവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ | | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | പ്രളയാനന്തര റോഡുനവീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കിലോമീറ്റർ റോഡുകൾ നവീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) ബി) & സി) | പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ പ്രളയാനന്തര റോഡ് നവീകരണവുമായി ബന്ധപ്പെട്ട് ദുരന്തനിവാരണ ഫണ്ട് ഉപയോഗിച്ച് 1149 കി.മീ റോഡിന്റെയും നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് 6615 കി.മീ റോഡിന്റെയും അടിയന്തര അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്ലാൻഫണ്ട് ഉപയോഗിച്ച് 163 കി.മീ റോഡുകളുടെ ഉപരിതലം പുതുക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധം I ആയി ചേർക്കുന്നു.<br>പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിനു കീഴിൽ 580.52 കി.മീ റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഈ റോഡുകളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു. പ്രളയാനന്തര റോഡ് നവീകരണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കും പ്രകാരം തുക കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്ന് അനുവദിച്ച് നവീകരണ പ്രവൃത്തികൾ നടത്തി വരുന്നു.<br>1. ഓർഡിനറി റിപ്പയർ: 15.80 കോടി രൂപ<br>2. ഫ്ലഡ് ഡാമേജ് റിപ്പയർ: 32.09 കോടി രൂപ<br>3. സെൻട്രൽ റോഡ് ഫണ്ട് പദ്ധതികൾ (റോഡുകൾ - 54 എണ്ണം, പാലങ്ങൾ - 2 എണ്ണം): 801.00 കോടി രൂപ<br>കൂടാതെ വയനാട് ജില്ലയിലെ താമരശ്ശേരി ചുരം സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി |
| ബി) | ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | | |
| സി) | ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ? | | |

സംസ്ഥാന സർക്കാരിൽ നിന്ന് 1.86 കോടി രൂപ ലഭിക്കുകയും പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള തിരുവനന്തപുരം ജില്ലയിലെ ചാക്ക – ശംഖുമുഖം റോഡിലെ ശംഖുമുഖം ബീച്ച് ഏകദേശം 300 മീറ്റർ പ്രളയത്തിൽ തകർന്നിട്ടുണ്ട്. ആയതിന്റെ നവീകരണത്തിനുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പ്രളയത്തിൽ തകർന്ന കെ.എസ്.ടി.പി യുടെ 44.300 കി.മീറ്റർ റോഡ് നവീകരിച്ചിട്ടുണ്ട്. ആലപ്പുഴ – ചങ്ങനാശ്ശേരി റോഡ് (24.500 കി.മീ) (ആലപ്പുഴ ജില്ല), തിരുവല്ല – മാവേലിക്കര റോഡ് (19.800 കി.മീ) (പത്തനംതിട്ട – ആലപ്പുഴ ജില്ല) എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. ആലപ്പുഴ ജില്ലയിൽ 35.300 കി.മീ റോഡും, പത്തനംതിട്ട ജില്ലയിൽ 9.000 കി.മീ റോഡും നവീകരിച്ചിട്ടുണ്ട്. മേൽ പറഞ്ഞ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 12.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## PWD Roads Wing

| Sl. No | Division | SDRF | | Non Plan | | Budget | | Flood | |
|---|---|---|---|---|---|---|---|---|---|
| | | Cost of works completed Lakhs | Length of patch works completed km | Total Cost of works completed Lakhs | Length of patch works completed km | Cost of works completed Lakhs | Length of works completed km | Cost of works completed Lakhs | Length of works completed km |
| 1 | Thiruvananthapuram | 347 | 38.5 | 2555.73 | 463.39 | .... | .... | 115 | 2.5 |
| 2 | Kollam | 370.5 | 31.025 | 1875.5 | 220.441 | 0 | 0 | 200 | 15.285 |
| 3 | Alappuzha | 444.4 | 97.208 | 2844.99 | 420.81 | 250 | 2.8 | 60 | 0.50 |
| 4 | Pathanamthitta | 837.49 | 93.622 | 2354.29 | 322.702 | 0 | 0 | 0 | 0 |
| 5 | Kottayam | 645.6 | 164.86 | 1464.31 | 398.72 | 23.25 | 1.95 | 170 | 5.3 |
| 6 | Idukki | 725.28 | 0 | 2184.3 | 195.45 | 0 | 0 | 80 | 5.5 |
| 7 | Muvattupuzha | 18 | | 952.44 | 166.445 | - | - | 455 | 103.75 |
| 8 | Ernakulam | 283.53 | 41.34 | 1601.1 | 71.83 | 50 | 2.2 | 100 | 7.18 |
| 9 | Thrissur | 520 | 84.639 | 2560.8 | 524.388 | 0 | 0 | 423 | 0 |
| 10 | Palakkad | 515.13 | 150.85 | 3151.9 | 723.838 | 100 | 1 | 0 | 0 |
| 11 | Manjeri | 398 | 196.58 | 3125.1 | 920.45 | 200 | 2.22 | 320 | 6.3 |
| 12 | Kozhikode | 323.5 | 109.714 | 4230 | 951.64 | 0 | 0 | 0 | 0 |
| 13 | Wayanad | 242.3 | 87.135 | 2086.17 | 384.105 | 0 | 0 | 0 | 0 |
| 14 | Kannur | 45 | 32.65 | 1815.08 | 631.679 | 0 | 0 | | |
| 15 | Kasargode | 79 | 20.65 | 1696 | 218.82 | 0 | 0 | 175 | 6.3 |
| | **Total** | **5794.7** | **1148.773** | **34497.7** | **6614.708** | **623.25** | **10.17** | **2098** | **152.615** |

## അനുബന്ധം II

| ജില്ല | റോഡിന്റെ നീളം (കി.മീ) |
|---|---|
| തിരുവനന്തപുരം | 23.6 |
| കൊല്ലം | 99.85 |
| ആലപ്പുഴ | 45.67 |
| ഇടുക്കി | 37.92 |
| കോട്ടയം | 13.6 |
| എറണാകുളം | 62.62 |
| തൃശ്ശൂർ | 51.95 |
| പാലക്കാട് | 7.24 |
| മലപ്പുറം | 76.56 |
| കോഴിക്കോട് | 59.51 |
| വയനാട് | 17 |
| കണ്ണൂർ | 41 |
| കാസർഗോഡ് | 44 |
| **ആകെ** | **580.52** |

സെക്ഷൻ ഓഫീസർ